15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551 | 27-06-2024 - ൽ മറുപടിയ്ക്ക്

# മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പ്രതിസന്ധികളാണ് കർഷകർ നേരിടുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്<br><br>പ്രധാന പ്രതിസന്ധികളായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് വന്യജീവി ആക്രമണം,ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം,ജലക്ഷാമം,കരിമ്പ് സംസ്കരണയൂണിറ്റുകളുടെ അഭാവം,.തൊഴിലാളികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ്. ഇവ പരിഹരിക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**1. വന്യജീവി ആക്രമണം**<br><br>കാട്ടുപന്നി,കാട്ടാന എന്നിവയുടെ ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ 35കിലോമീറ്റർ പവർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്നതിനായി വനം വകുപ്പ് 2.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്<br><br>**2. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>നിലവിൽ കൃഷി ചെയ്തുവരുന്ന CO-86032 എന്ന ഇനത്തോടൊപ്പം പുതിയ ഇനങ്ങളുടെ സാധ്യത തിരിച്ചറിയുവാൻ കാർഷിക ഗവേഷണകേന്ദ്രം, തിരുവല്ല യുടെ പഠനം പുരോഗമിക്കുന്നുണ്ട്. നൂതന കൃഷി രീതിയായ എസ്.എസ്.ഐ(Sustainable Sugarcane Initiative) കർഷകർക്ക് പരിചയപെടുത്തുവാൻ ആത്മ സ്കീം വഴി പ്രദർശന തോട്ടങ്ങൾ മാതൃക കർഷകർ മുഖേന ചെയ്തു വരുന്നു, പുതിയ നടീൽ വസ്തുക്കൾ നൽകാനുമുള്ള മാർഗങ്ങൾ സ്വീകരിച്ചു വരുന്നു. കൂടാതെ മറയൂർ കാന്തല്ലൂർ മേഖലകളിൽ ഗുണനിലവാരമുള്ള തൈകൾ ഉണ്ടാക്കാൻ നേഴ്സറി നിർമ്മാണ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശീലനം കർഷകർക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>**3. കാലാവസ്ഥാ വ്യതിയാനം**<br><br>മണ്ണിന്റെ PH പൊതുവേ ഈ മേഖലകളിൽ കുറവുള്ളതായി കാണപ്പെടുന്നു.മൂലകങ്ങളുടെ അഭാവം, PH ക്രമീകരണം എന്നിവയിൽ കർഷകർക്ക് അവബോധം ഉണ്ടാക്കുവാൻ മണ്ണ് പരിശോധന ക്യാമ്പയിനുകൾ നടത്തിവരുന്നു.<br><br>**4. തൊഴിലാളികളുടെ ലഭ്യതകുറവ്**<br><br>തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനായി കർഷക ഗ്രൂപ്പുകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ കർഷകർ നേരിടുന്ന പ്രതിസന്ധികൾ മറികടക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ; | (ബി) | ഉണ്ട്<br><br>പ്രധാന പ്രതിസന്ധികളായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് വന്യജീവി ആക്രമണം,ഉന്ന നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം,ജലക്ഷാമം,കരിമ്പ് സംസ്കരണയൂണിറ്റുകളുടെ അഭാവം,.തൊഴിലാളികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ്. ഇവ പരിഹരിക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**1. വന്യജീവി ആക്രമണം**<br><br>കാട്ടുപന്നി,കാട്ടാന എന്നിവയുടെ ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ 35കിലോമീറ്റർ പവർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്നതിനായി വനം വകുപ്പ് 2.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**2. ഉന്ന നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>നിലവിൽ കൃഷി ചെയ്തുവരുന്ന CO-86032 എന്ന ഇനത്തോടൊപ്പം പുതിയ ഇനങ്ങളുടെ സാധ്യത തിരിച്ചറിയുവാൻ കാർഷിക ഗവേഷണകേന്ദ്രം, തിരുവല്ല യുടെ പഠനം പുരോഗമിക്കുന്നുണ്ട്. നൂതന കൃഷി രീതിയായ എസ്.എസ്.ഐ(Sustainable Sugarcane Initiative) കർഷകർക്ക് പരിചയപെടുത്തുവാൻ ആത്മ സ്കീം വഴി പ്രദർശന തോട്ടങ്ങൾ മാതൃക കർഷകർ മുഖേന ചെയ്തു വരുന്നു, പുതിയ നടീൽ വസ്തുക്കൾ നൽകാനുമുള്ള മാർഗങ്ങൾ സ്വീകരിച്ച് വരുന്നു. കൂടാതെ മറയൂർ കാന്തല്ലൂർ മേഖലകളിൽ ഉന്നനിലവാരമുള്ള തൈകൾ ഉണ്ടാക്കാൻ നേഴ്സറി നിർമ്മാണ മാർഗങ്ങൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാനുള്ള പരിശീലനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**3. കാലാവസ്ഥാ വ്യതിയാനം**<br>മണ്ണിന്റെ PH പൊതുവേ ഈ മേഖലകളിൽ കുറവുള്ളതായി കാണപ്പെടുന്നു.മൂലകങ്ങളുടെ അഭാവം, PH ക്രമീകരണം എന്നിവയിൽ കർഷകർക്ക് അവബോധം ഉണ്ടാക്കുവാൻ മണ്ണ് പരിശോധന ക്യാമ്പയിനുകൾ നടത്തിവരുന്നു.<br>**4. തൊഴിലാളികളുടെ ലഭ്യതകുറവ്**<br>തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനായി കർഷക ഗ്രൂപ്പുകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അങ്കണവാടിയിലും മറ്റും മറയൂർ ശർക്കരയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നത് പ്രതിസന്ധികൾ മറികടക്കുന്നതിന് സഹായകമാകും എന്ന് കരുതുന്നുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. വിഷയം സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ